പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6699 01.11.2011- ലെ മറുപടി

## പുതിയ ബസ്സുകൾ അനുവദിച്ചു നൽകുവാൻ സ്വീകരിച്ച നടപടികൾ

ചോദ്യം | ഉത്തരം

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി 2011 - 12 വർഷത്തിൽ ആദ്യഘട്ടമായി 500 ബസ്സുകൾ Open tender വിളിച്ച് 500 ചേസ്സിസ്സുകൾക്കായുള്ള പർച്ചേഴ്സ് ഓർഡർ നൽകിയതിൻപ്രകാരം ലഭ്യമായ ചേസ്സിസ്സുകളുടെ ബസ് ബോഡി നിർമ്മാണം തിരുവനന്തപുരം സെൻട്രൽ വർക്സിലും, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ വർക്ക്ഷോപ്പുകളിലും ആരംഭിച്ചുകഴിഞ്ഞു. |
| (ബി) | ഈ ബസ്സുകൾ എപ്പോൾ നിരത്തിലിറക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | 2011 നവംബർ മാസം രണ്ടാംവാരത്തിൽ പുതിയ ബസ്സുകൾ നിരത്തിലിറക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഈ ബസ്സുകൾ ഡിപ്പോകൾക്ക് അലോട്ട് ചെയ്യുമ്പോൾ കണ്ണൂർ ജില്ലയിലെ ഡിപ്പോകൾക്ക് ഓരോന്നിനും എത്ര ബസ്സുകൾ വീതം നൽകാൻ ഉദ്ദേശിക്കുന്നു ; | (സി) | കണ്ണൂർ ജില്ലയിലെ യൂണിറ്റുകളിൽ കുറവുള്ള ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത അലോട്ട്മെന്റിൽ മട്ടന്നൂർ നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന വിവിധ ബസ്സ് സർവ്വീസുകൾ ആരംഭിക്കണമെന്ന എം.എൽ.എ. യുടെ നിവേദനം പരിഗണിച്ചു കൊണ്ട് പുതിയ ബസ്സുകൾ അനുവദിച്ചു | (ഡി | തലശ്ശേരിയിൽ നിന്നും മാങ്ങാട്ടിടം പഞ്ചായത്തിലെ കൂണ്ടേരി - മാണിക്കോത്തുവയൽ - കെ.സി.നഗർ വഴി കൂളിക്കടവിലേയ്ക്ക് സർവ്വീസ് വേണമെന്ന ബഹു. എം.എൽ.എ.യുടെ ആവശ്യത്തിൻമേൽ സാധ്യതാ പഠനം നടത്തുന്നതിന് തലശ്ശേരി യൂണിറ്റധികാരിയെ |

| | | | |
|---|---|---|---|
| | നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | | ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായും യാത്രാക്കാർക്ക് പ്രയോജനപ്രദമായും ടി സർവ്വീസ് നടത്താൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടാൽ സർവ്വീസ് ആരംഭിക്കുന്നകാര്യവും പുതിയ ബസ് അനുവദിക്കുന്നകാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ